"എന്നാൽ സാത്താൻ ഞങ്ങളെ തടുത്തു" 1 തെസ്സ. 2:18. എന്നാൽ ക്രിസ്തു, രാജ്യത്തെ കൈക്കൊള്ളുവാനുള്ള സമയം വേഗത്തിൽ അടുത്തുവരുന്നതുകൊണ്ടു ഭൂമിക്കു മീതെയുള്ള സാത്താന്റെ അധികാരവും വാഴ്ചയും അവസാനിക്കുന്നതുകൂടാതെ സാത്താൻ ആയിരം കൊല്ലങ്ങൾ കെട്ടപ്പെടുകയും കോപിഷ്ഠനായ സാത്താൻ വരുന്ന ക്രിസ്തുവിനെ തന്റെ സൈന്യങ്ങളോടുകൂടി എതിർക്കുന്നതിനാൽ സ്വർഗ്ഗത്തിൽ യുദ്ധമുണ്ടാകയും ചെയ്യും.

(തുടരും)

# അപഹരിക്കപ്പെട്ട വേദപുസ്തകം

കൃഷിക്കാരനായ ഒരു അറബി മലപ്രദേശത്തുള്ള തന്റെ ഭവനത്തിൽ പാർത്തുവന്നു. ഒരു യുദ്ധകാലത്ത് അവൻ പട്ടാളത്തിൽ ചേരുവാൻ നിർബന്ധിതനായതിനാൽ സമാധാനകരമായ കർഷകവൃത്തിയിൽനിന്നും അജ്ഞന്മാരും മുട്ടാളന്മാരുമായ പട്ടാളക്കാരുമായി സഹവസിക്കുന്നതിനിടയായി.

ഈ അറബി ചേർന്നിരുന്ന പട്ടാളം ഒരു ക്രിസ്തീയ ഗ്രാമത്തെ ആക്രമിച്ചപ്പോൾ അവിടെയുള്ള ജനങ്ങൾ ഭയന്ന് ഓടിപ്പോയി. പടയാളികൾ അവരുടെ വീടുകൾ ആക്രമിച്ചു സകലവും കൊള്ളയിട്ടുകൊണ്ടുപോയി. ഈ അറബിപ്പടയാളി പുസ്തകം വായിപ്പാൻ താല്പര്യമുള്ളവനാകയാൽ ചില പുസ്തകങ്ങൾകൂടി കൊള്ളയായി എടുത്തുകൊണ്ടുപോയി. ഈ കൂട്ടത്തിൽ ഒരു വേദപുസ്തകവും ഉണ്ടായിരുന്നു. പോർക്കളത്തിലെ ബഹളങ്ങൾ കുറയുന്നതുവരെ പുസ്തകങ്ങൾ വായിപ്പാൻ സൗകര്യമുണ്ടായില്ല. വീടുകളിൽ പൊയ്ക്കൊള്ളുന്നതിനു പടയാളികൾക്കു ഉത്തരവുണ്ടായപ്പോൾ തന്റെ അപഹൃതങ്ങളുടെ കൂട്ടത്തിലുണ്ടായിരുന്ന ബൈബിൾകൂടി അയാൾ കൊണ്ടുപോയി. അതു സാവകാശം കുറെ വായിച്ചപ്പോൾ മുഴുവൻ പഠിക്കണമെന്ന് അവനു താല്പര്യമുണ്ടായി.

കൊള്ളയിടപ്പെട്ടവർ തങ്ങളുടെ നഷ്ടങ്ങളെക്കുറിച്ചു പ്രലപിച്ചുകൊണ്ടിരിക്കുമ്പോൾ തങ്ങളുടെ വേദപുസ്തകം അപഹരിച്ചുകൊ

ട്ടുപോയി. അയാൾക്ക് ആ പുസ്തകംമൂലം മനസ്സുതിരിവുണ്ടാകണമേ എന്നു ദൈവത്തോടു പ്രാർത്ഥിച്ചു.

വേപ്പടി അമ്പിപ്പടയാളി വളരെ താല്പര്യത്തോടുകൂടി പുസ്തകം വായിച്ചുവന്നു. വായിക്കുന്തോറും "ഇതു കുറാനേക്കാൾ നന്ന്" എന്ന് അവൻ ഉറച്ച ശബ്ദത്തിൽ പറഞ്ഞു. കൂടാതെ തന്റെ സ്വഭാവവും നടത്തയും അതിൽ കുറിച്ചുവെച്ചതുപോലെ അവൻ കണ്ടു. സ്വന്തം ഹൃദയത്തിന്റെ സൂക്ഷ്മസ്ഥിതി ഇത്ര തെളിവായി ഇതിനു മുമ്പു അവൻ കണ്ടിട്ടില്ല. അവന്റെ പാപങ്ങളെപ്പറ്റി വചനം അവനെ ശാസിച്ചതിനാൽ പാപബോധവും മനഃസ്താപവും അവനുണ്ടായി. ഒടുവിൽ അവൻ പാപത്തിൽ നിന്നു വിടുവിക്കുന്ന ഏക രക്ഷിതാവായി ക്രിസ്തുവിനെ ആ ഗ്രന്ഥത്തിൽ കണ്ടു് അവനെ ആരാധ്യപുരുഷനായി കൈക്കൊണ്ടു.

അവൻ ക്രിസ്തുവിശ്വാസിയായിത്തീർന്നുവെന്നു സ്വജനങ്ങൾ കേട്ടപ്പോൾ അവർ കോപിഷ്ഠരായി അതികഠിനമായി അവനെ ഉപദ്രവിച്ചുതുടങ്ങി. അയല്പക്കാർ അവനെ ഭ്രഷ്ടനെന്നു വിളിച്ചു് അവമാനിക്കയും അവന്റെ തോട്ടത്തിലെ മുന്തിരിവൃക്ഷം നശിപ്പിക്കയും ചെയ്തു. എങ്കിലും ഈ നഷ്ടങ്ങളുടെ മദ്ധ്യേ അവൻ ധൈര്യപ്പെട്ടു ലേശം കുലുങ്ങാതെ നിന്നു. ഈ കഷ്ടതയിൽ ഒരു പ്രോട്ടസ്റ്റന്റു പട്ടക്കാരൻ അവനെ കണ്ടു് അവനൊരു ഉദ്യോഗം കൊടുത്തതുകൂടാതെ മഹമ്മദീയരിൽ നിന്നു് ഉപദ്രവം നേരിടാത്തവിധത്തിൽ ഒരു സ്ഥലത്തു് അവനെ പാർപ്പിക്കയും ചെയ്തു.

ഒടുവിൽ അവൻ ലബാനോൻ മലയിലുള്ള ഒരു ഗ്രാമത്തിൽ ക്രൈസ്തവ പ്രാസംഗികനായും തന്നെ പീഡിപ്പിച്ച ജനങ്ങളാൽ രൂപവൽക്കരിക്കപ്പെട്ട ഒരു സഭയുടെ അദ്ധ്യക്ഷനായും തീർന്നു.

വായനക്കാരെ! വിശുദ്ധ വേദത്തിന്റെ മനഃപരിവർത്തനശക്തി ഇതിൽ നിന്നു നിങ്ങൾ മനസ്സിലാകുന്നില്ലേ?

# തിരുവെഴുത്തുകളാകമുഴുവൻ ക്രിസ്തു

പല വിധത്തിൽ വിളങ്ങിക്കാണുന്ന തിരുവെഴുത്തുകൾ മുഴു
നിലും അടങ്ങിയിരിക്കുന്ന ഏക വിഷയം നമ്മുടെ ആരാധ്യപു
ഷനായ ക്രിസ്തു തന്നെയാണ്. ആദിമുതൽ അന്ത്യാവരെ
ഓരോ ഗ്രന്ഥവും ക്രിസ്തുവിൻെറ സ്വഭാവത്തെയും വേലയെ
സംബോധിച്ചു നമ്മെ പഠിപ്പിച്ചുകൊണ്ടിരിക്കുന്നു. എങ്ങിനെ
യെന്നാൽ:

ഉല്പത്തിപ്പുസ്തകത്തിൽ=സ്ത്രീയുടെ സന്തതി
പുറപ്പാടിൽ =പെസഹാക്കുഞ്ഞാട്
ലേവ്യ =പരിഹാരയജ്ഞം
സംഖ്യ =അടിക്കപ്പെട്ട പാറ
ആവർത്തനം =വരുവാനുള്ള പ്രവാചകൻ
യോശുവാ =സൈന്യാധിപതി
ന്യായാധിപന്മാർ =ഉദ്ധാരകൻ
രൂത്ത് =സ്വർഗ്ഗീയബന്ധു
൧. ശമുവേൽ മുതൽ
രാജപുസ്തകങ്ങളിൽ =രാജാവ്
എസ്രാ =ആലയത്തിൻെറ പുന:സ്ഥാപനം
നെഹെമ്യാവ് =ജനത്തിൻെറ പുന:സ്ഥാപനം
എസ്ഥേർ =ജനപക്ഷവാദി
ഇയ്യോബ് =വീണ്ടെടുപ്പുകാരൻ
സങ്കീർത്തനം =പാറ
സദൃശവാക്യങ്ങൾ =ജ്ഞാനം
സഭാപ്രസംഗി =ജ്ഞാനം
ഉത്തമഗീതം =മണവാളൻ
പ്രവാചകപുസ്തകങ്ങളിൽ= സമാധാനപ്രഭു
സുവിശേഷങ്ങളിൽ=അന്വേഷിച്ചു രക്ഷിപ്പാൻ വന്നവൻ
പ്രവൃത്തികൾ =സ്വർഗ്ഗാരൂഢൻ
ലേഖനങ്ങൾ =മദ്ധ്യസ്ഥൻ
വെളിപ്പാട് =നിത്യരാജാവ്.

———:0:———

# എങ്കിലും അവൻ
# കുഷ്ഠരോഗിയായിരുന്നു

2 രാജാ. 5:1.

നയമാൻ എന്ന പേരിന്നു "സന്തോഷമുള്ളവൻ" എന്നാണർത്ഥം. അവൻ സുറിയാസൈന്യത്തിന്റെ അധിപതിയും രാജാവിന്റെ അടുക്കൽ ഒരു മഹാനും മാന്യനും ജയശീലനും പരാക്രമിയും തന്റെ രോഗചികിത്സക്കു പ്രതിഫലമായി അറുപതിനായിരം ഡോളറിൽ (ഒരു ഡോളർ=രു. 3, ണ. 2.) അധികം തുക വരുന്ന ഒരു പ്രതിഫലം കൊടുക്കത്തക്ക ധനികനുമായിരുന്നുവെങ്കിലും ഒരു കുഷ്ഠരോഗിയായിരുന്നു. ഇതു് അവന്റെ സന്തോഷസൌഖ്യമെല്ലാം ഒരു സങ്കോചവും, അവന്റെ മഹിമയെ ദൂഷിപ്പിച്ച ഒരു ശാപവും, അവന്റെ അഭിമാനത്തെ കുറപ്പെടുത്തിയ ഒരു നികൃഷ്ടതയും ആയിരുന്നു. ഭയങ്കരവും, അറപ്പുള്ളതും, അശാമ്യവുമായ ഒരു രോഗം ആ പ്രധാനനെ പിടികൂടി. അവൻ ഒരു കുഷ്ഠരോഗിയായിരുന്നു എന്നു പറയുമ്പോൾ അവന്റെ അന്തസ്സും കീർത്തിയും ഒന്നുമില്ലാത്തതുപോലെ ആയിത്തീരുന്നു.

1. അവൻ പാപത്താൽ നിശ്ശേഷം നഷ്ടപ്പെട്ടുപോയ മനുഷ്യന്റെ സ്ഥിതിയെ കാണിക്കുന്ന ഒരു ചിത്രമായിരുന്നു. എത്രയും ധീരനും എത്രയും ശ്രേഷ്ഠനും എത്രയും ധനികനുമായ ഒരാളിന്റെ പേരിൽനിന്നിപ്പുറത്തായി അവൻ ഒരു പാപിയാകുന്നുവെന്നും, ഉയർന്നവരാലോ താണവരാലോ ചെയ്യപ്പെട്ടിരുന്നാലും പാപത്തിന്റെ ശമ്പളം മരണമാണെന്നും, (റോമ. 6: 23.) എഴുതേണ്ടതാകുന്നു. ഭയങ്കരമായ ആത്മികരോഗത്തെ സദൃശപ്പെടുത്തുവാൻ ജഡത്തിനുണ്ടാകാവുന്ന ആയിരക്കണക്കായ രോഗങ്ങളിൽ വെച്ചു കുഷ്ഠത്തെ തിരഞ്ഞെടുപ്പാനത്രെ ദൈവത്തിനു് ഇഷ്ടമായതു്. അതിനു കാരണമുണ്ടു്. കുഷ്ഠം പരമ്പരീണമായിട്ടുള്ളതും, മരുന്നുകൊണ്ടു ഭേദമാകാൻ മനുഷ്യന്നു നിവൃത്തിയില്ലാത്തതും, പകരുന്നതും, പെട്ടന്നു വേദനയോ മരണമോ വരുത്താത്തതും, അതിന്റെ പൂർണ്ണവളർച്ചയിൽ ഭയങ്കരമായിട്ടുള്ളതുമാകുന്നു. കുഷ്ഠരോഗം ശുദ്ധിയുള്ളവരിൽനിന്നു തന്നെ വേർപെടുത്തുന്നു. ഈ രോഗം എവിടെയെങ്കിലും അല്പമൊന്നു പ്രത്യക്ഷപ്പെട്ടാൽ അതു മനുഷ്യനെ അശുദ്ധമാക്കുന്നു. പിന്നീടു പാളയത്തിനകത്തു താമസിപ്പാൻ നിവൃത്തിയില്ല. കൂടാതെ, മൃതന്മാരുടെ നിമിത്തം വിലാപവസ്ത്രം ധരിക്കുന്നതുപോലെ കുഷ്ഠരോഗി വസ്ത്രധാരണം ചെയ്കയും, "അശുദ്ധൻ അശുദ്ധൻ" എന്നു വിടാതെ നിലവിളിച്ചുകൊണ്ടിരിക്കയും വേണം. ലേവി 13:10, 29; 45. ഇതുപോലെതന്നെ പാപത്തിന്റെ സംഗതിയും. ദൈവസന്നിധിയിൽ മനുഷ്യന്റെ സ്ഥിതി ഏതുവിധമെന്നറിവാൻ താഴെ വരുന്ന വാക്യ

ങ്ങൾ നോക്കുക. ഉല്പ. 6:5; സങ്കീ. 14:1-3; 51:5; യശ. 1:5,6 64:6; മക്കോ. 6:21-23; 7:21-23; റോമ. 8:7,8.

2. നയമാന്റെ കുഷ്ഠം പാപംപോലെ യാതൊരു മനുഷ്യ ന്റെ ഞ്ഞാംകൊണ്ടും ശമിപ്പിക്കാൻ കഴിയാത്തതത്രേ. ഇതിനാൽ കുഷ്ഠരോഗിയെ ഒരു പുരോഹിതന്റെ കീഴിലാണ സൂക്ഷിച്ചിരുന്നതു; ഒരു വൈദ്യന്റെ കീഴിലല്ല. ലേവി 14:1-27. ഇതിനാലാണ നയമാന്റെ രോഗം ഭേദപ്പെടുത്തണമെന്ന കാണിച്ചു സുറിയാ രാജാവിന്റെ എഴുത്തുവന്നപ്പോൾ ഇസ്രയേൽ മന്നൻ തന്റെ വസ്ത്രം കീറിക്കൊണ്ടു, "അവൻ ഇതാ, കുഷ്ഠരോഗം മാററിക്കൊടുക്കേണ്ടതിന ഒരാളെ എന്റെ അടുക്കൽ അയച്ചിരിക്കുന്നു! മരിപ്പിക്കയും ജീവിപ്പിക്കയും ചെയ്വാൻ ഞാൻ ദൈവമോ?" എന്ന നിലവിളിച്ചതു. പാപത്തെ ജയിപ്പാനുള്ള പ്രയാസത്തെപ്പററി യോബു പറയുന്നു: "ഞാൻ ഹിമംകൊണ്ടു എന്നെ കഴുകിയാലും ക്ഷാരജലംകൊണ്ടു എന്റെ കൈ വെടിപ്പാക്കിയാലും നീ എന്നെ ചേററുകുഴിയിൽ മുക്കിക്കളയും; എന്റെ വസ്ത്രംപോലും എന്നെ വെറുക്കും." യോബ് 9:30,31. ദൈവം പറയുന്നതാവിതു:-"കൂശ്യന്നു തന്റെ തൊലിയും പുള്ളിപ്പുലിക്കു തന്റെ പുള്ളിയും, മാററുവാൻ കഴിയുമൊ? എന്നാൽ ദോഷം ചെയ്വാൻ ശീലിച്ചിരിക്കുന്ന നിങ്ങൾക്കും നന്മ ചെയ്വാൻ കഴിയും." യിരമ്യ. 13:23. "അങ്ങിനെ നന്മ ചെയ്വാൻ ഇച്ഛിക്കുന്ന ഞാൻ തിന്മ എന്റെ പക്കൽ ഉണ്ടു എന്നൊരു പ്രമാണം കാണുന്നു." (റോമ. 7:21) എന്ന അപ്പോസ്തലനും പറയുന്നു.

3. കുഷ്ഠത്തിൽനിന്ന വിടുതൽ ലഭിക്കുന്നതു ദൈവത്തിന്റെ ദാനം; അഥവാ ശക്തിമത്തായ കൃപയാലാകുന്നു എന്നും, അതു പണം കൊടുത്തു വാങ്ങിക്കേണ്ടതല്ലെന്നും നയമാൻ പഠിക്കേണ്ടിയിരുന്നു. അവന്റെ പത്തു താലന്തു വെള്ളിയും, ആറായിരം ശേക്കൽ പൊന്നും പത്തുകൂട്ടം വസ്ത്രവും പ്രവാചകനാൽ നന്ദിപറച്ചിൽ കൂടാതെ നിഷേധിക്കപ്പെട്ടു. "കൃപയാലല്ലൊ നിങ്ങൾ വിശ്വാസംമൂലം രക്ഷിക്കപ്പെട്ടിരിക്കുന്നതു; അതിനും നിങ്ങൾ കാരണമല്ലാ, ദൈവത്തിന്റെ ദാനമത്രെ ആകുന്നു; ആരും പ്രശംസിക്കാതിരിപ്പാൻ പ്രവൃത്തികളും കാരണമല്ല" എഫേ. 2:8,9. "കൃപയാലെങ്കിൽ പ്രവൃത്തിയാലല്ല, അല്ലെങ്കിൽ കൃപ കൃപയല്ല" റോമ. 11:6. ആദ്യംമുതൽ അന്ത്യംവരെ നോക്കിയാൽ രക്ഷിക്കപ്പെട്ടവന്റെ ആർപ്പുവിളി; 'കൃപ കൃപ' എന്നുതന്നെ ആയിരിക്കും. സഖ. 4:7.

4. നയമാൻ സൗഖ്യപ്പെടുന്നതിനു മുമ്പായി 'ന്യായവിധിയുടെ നീരൊഴുക്കു" എന്ന ജെറോം അർത്ഥം പറഞ്ഞിട്ടുള്ള യോർദ്ദാനിൽ മുങ്ങേണ്ടിയിരുന്നു. അതു ചെയ്വാൻ അവൻ ആദ്യം മടിച്ചു കോപത്തോടു കൂടി പോകുവാൻ തുടങ്ങി. അപ്പോൾ ഒരു ദാസൻ ആ വലിയ സേനാനിയുടെ ഭോഷത്വത്തെ ശാസിച്ചു. ദൈവത്തിന്റെ നീതിയുള്ള ന്യായവിധിയുടെ കീഴിൽ എന്നതുപോലെ അവൻ ന

യിലേക്കു് ഇറങ്ങി, ഞാൻ പാപം ചെയ്തുപോയി, എന്നിൽ ന
ിയില്ല എന്നു് ആരെങ്കിലും പറയുന്നുവെങ്കിൽ മനുഷ്യരെ നോക്കു
വൻ: 'അവങ്കൽ കൃപ വിചാരിച്ചു് കുഴിയിൽ ഇറങ്ങാതവണ്ണം
വനെ വിടുവിക്ക. ഞാൻ ഒരു മറുവില കണ്ടിരിക്കുന്നു' എന്നു
റയുന്നു. യോബ്. 33:24, 27. ദേവാലയത്തിൽനിന്നുകൊണ്ടു താ
മറ്റുള്ള മനുഷ്യരെപ്പോലെയല്ലെന്നു പറഞ്ഞു് ദൈവത്തെ സ്തു
ിച്ചു പരീശനല്ല, നീതീകരിക്കപ്പെട്ടവനും പാപമോചനം കിട്ടി
നിർണ്ണയമുള്ളവനുമായി വീട്ടിലേക്കു പോയതു്. പിന്നെയോ,
ദൈവമേ, പാപിയായ എന്നോടു കരുണയുണ്ടാകണമേ' എന്നു മാ
ിൽ അടിച്ചുകൊണ്ടു നിലവിളിച്ച ചുങ്കക്കാരൻ മാത്രമായിരുന്നു.
ക്കോ. 18: 14.

5. നയമാൻ ദൈവപുരുഷന്റെ വാക്കിൻ പ്രകാരം ന്യായ
ിധിയുടെ ഒഴുക്കിലേക്കു് ഇറങ്ങി. അവന്റെ മാംസം ഒരു പൈ
ലിന്റെ മാംസം പോലെ ആയിത്തീർന്നു. അവൻ ശുദ്ധി പ്രാപി
ച്ചു കൂടാതെ രണ്ടാമതു് ഒന്നു ജനിച്ച മട്ടിലായി. അവന്റെ പൂർണ്ണ
സൗഖ്യം ഏകദേശം അതേ ഘട്ടത്തിൽ യഹൂദിയ രാജാവു പറഞ്ഞിട്ടു
സത്യത്തെ വിശദീകരിക്കുന്നു. ആ വാക്കുകളാവിതു്:—"നിങ്ങ
ടെ ദൈവമായ യഹോവയിൽ വിശ്വസിപ്പിൻ; എന്നാൽ നിങ്ങ
ഉറച്ചു നില്ക്കും; അവന്റെ പ്രവാചകന്മാരിലും വിശ്വസിപ്പി
, എന്നാൽ നിങ്ങൾ കൃതാർത്ഥരാകും". 2 ദിന. 20: 20. കർത്താവാ
യേശുവിന്റെ സാക്ഷ്യവും ഇതിനോടു ചേർക്കാം. "ആമേൻ ആ
മേൻ ഞാൻ നിങ്ങളോടു പറയുന്നു. എന്റെ വചനം കേട്ടു് എന്നെ
അയച്ചവനെ വിശ്വസിക്കുന്നവന്നു നിത്യജീവനുണ്ടു്; അവൻ ന്യാ
യവിധിയിലാകാതെ മരണത്തിൽനിന്നു ജീവങ്കലേക്കു കടന്നിരി
ക്കുന്നു" യോഹ. 5: 24.

6. തൽക്ഷണം അവൻ സത്യദൈവത്തെ പരസ്യത്തിൽ
ധൈര്യസമേതം ഏറ്റു പറഞ്ഞു. നയമാൻ ഈ വിധം ചെയ്തതിൽ
അതിശയിപ്പാനുണ്ടു്. അവൻ പറയുന്നതു്; "ഇസ്രായേലിൽ അല്ലാ
തെ ഭൂമിയിൽ എങ്ങും ഒരു ദൈവമില്ലാ എന്നു് ഇപ്പോൾ ഞാൻ അ
റിയുന്നു" 2 രാജാ. 5:15. സുറിയായിലെ ദൈവങ്ങളെ അവൻ എ
ന്നേക്കുമായി ഉപേക്ഷിച്ചു. സ്വദേശാഭിമാനത്തിന്റെ വികാരമോ
സ്വരാജ്യക്കാരുടെ ബഹുമതിയോ തന്റെ ഹൃദയാന്ധകാരത്തെ വി
ടനം ചെയ്തു വസ്തുവത്തെ സാക്ഷിക്കുന്നതിനു് അവനു പ്രതിബ
ന്ധമായിരുന്നില്ല. തന്റെ അനുഗ്രഹീതമായ അനുഭവത്തിൽനി
ന്നു് ഇസ്രായേലില്ലാതെ മറ്റെങ്ങും ദൈവമില്ലെന്നു് അവൻ അ
റിഞ്ഞു. തന്റെ വിശ്വാസത്തെയും സന്തോഷത്തെയും വിളിച്ചറിയി
പ്പാൻ അവന്റെ ഉള്ളം അവനെ നിർബന്ധിച്ചു. അതിനാൽ മനു
ഷ്യരുടെ മുൻപാകെ ക്രിസ്തുവിനെ ഏറ്റു പറയുന്നതു് ഒഴിച്ചുകൂടാ
ത ആവശ്യമാണെന്നുള്ളതിനു തർക്കമില്ല. കാരണം, ഇങ്ങിനെ ഏ

യഥാർത്ഥമായ ഏറ്റുപറച്ചിൽ കൂടാതെയിരിക്കുന്നതായാൽ അവരെ ഏകരക്ഷിതാവായി കൈക്കൊണ്ട് പരമാർത്ഥമായി അവനിൽ വിശ്വസിക്കുന്നു എന്നുള്ളതിനു തെളിവുണ്ടാകയില്ല. മത്താ. 10: 32, 33 ലൂക്കോ. 12: 8, 9; റോമ. 10: 9, 10; എബ്രാ. 13: 15.

7. നയമാന്റെ ഭാവിജീവിതപ്രമാണം കൃപാനിയമമായി രുന്നു; ന്യായപ്രമാണമല്ല. അവന്റെ ഔദ്യോഗിക നിലയിൽ റിമ്മോൻ ക്ഷേത്രത്തിൽ പോകുവാൻ രാജാവ് അവനെ നിർബന്ധി ച്ചേക്കാം എന്നുള്ള വിചാരം കൊണ്ട് അവൻ വളരെ കലങ്ങി; എലീശായോട് അവൻ പറഞ്ഞതു്, 'ഈ കാര്യത്തിൽ യഹോവ, അടിയ നോടു ക്ഷമിക്കുമാറാകട്ടെ' ഇതിനു പ്രവാചകൻ ഉത്തരം പറഞ്ഞതു 'സമാധാനത്തോടെ പോക, എന്നായിരുന്നു. ദൈവത്തിനും മനുഷ്യർക്കും ഇടച്ചൽ വരാതവണ്ണം തന്റെ മനഃസാക്ഷിയെ സമാധാനത്തിൽ കാക്കുകയും, യഹോവയുമായുള്ള കൂട്ടായ്മയ്ക്കു തടസ്സമുണ്ടാകാതെ സൂക്ഷിക്കയും ചെയ്യേണ്ടതു് അവന്റെ കടമയായിരുന്നു. നയമാനോടുള്ള വാക്കു് ഇക്കാലത്തെ വിശ്വാസികൾക്കുമുള്ളതത്രെ. "ക്രിസ്തുവിന്റെ സമാധാനം നിങ്ങളുടെ ഹൃദയങ്ങളിൽ വാഴട്ടെ." കൊലോ 3: 15. "നിങ്ങളെ കറയും കളങ്കവുമില്ലാത്തവരായി സമാധാന ത്തോടെ കാണ്മാൻ തക്കവിധം നിങ്ങളുടെ മനഃശാന്തി നിഷ്പീഡ സ്ഥിതി ചെയ്യട്ടെ.

## ഇഗ്ഗുപ്തായസഭയുടെ സ്നാനത്തൊട്ടി.

യരുശലേമിൽ പോയിരുന്ന മോസ്റ്റ് റവറണ്ട് എബ്രഹാം മ ർത്തോമ്മാ സഫ്റഗൻ മെത്രാപ്പോലീത്താ അവർകൾ പത്തുലക്ഷം ജ നങ്ങളുള്ള ഇഗ്ഗുപ്തായസഭയുടെ കെയറോ പട്ടണത്തിലെ ഭദ്രാസനപ്പ ള്ളി സന്ദർശിച്ച വൃത്താന്തത്തിൽ എഴുതിയിരിക്കുന്നതു്:

"ജ്ഞാനസ്നാനത്തിനുള്ള കല്ല് ഒരു പ്രത്യേകമുറിയിലാണ സ്ഥാപിച്ചിരിക്കുന്നതു്. കുട്ടികളെ മുഴുവനായി ഇതിലുള്ള വെള്ള ത്തിൽ താഴ്ത്തി സ്നാനപ്പെടുത്തുന്നു. അതിനു വേണ്ട വലിപ്പം ഇ പാത്രത്തിനുണ്ട്. പ്രായമുള്ളവരെ സ്നാനപ്പെടുത്തേണ്ടി വന്നാൽ എന്തു ചെയ്യുമെന്നു ഞാൻ ചോദിച്ചതിനു മറുപടിയായി പട്ടക്കാ രൻ പറഞ്ഞതു്:—മഹമ്മദുമതത്തിൽ നിന്നും ഒരാൾ ക്രിസ്തുമത സ്വീകരിക്കയെന്നതു് അത്ര സാധാരണയല്ലെന്നും അങ്ങിനെയു വേണ്ടിവന്നാൽ ഈ പാത്രം പ്രായമുള്ളവരേയും മുഴുവനായി വെ ള്ളത്തിൽ താഴ്ത്തത്തക്കവണ്ണം വലുതാണെന്നുമാണ്. സ്നാനാനന്ത രം മൂറോൻ പൂശുകയും ചെയ്യുന്നു."

1102 മീനം 26-നു "നവഭാരതി"

# ബൌദ്ധമതം

## (തുടൎച്ച)

7. കൎമ്മവും ജന്മാന്തരവും.—ഹിന്തുക്കളെപ്പോലെ തന്നെ ബൌദ്ധ
ന്മാരും കൎമ്മഫലം അനുഭവിക്കാതെ തീരുകയില്ലെന്നു വിശ്വസി
ന്നു. ഈ ജന്മത്തിൽ ചെയ്തതിന്റെ ഫലം അടുത്ത ജന്മത്തിൽ
അനുഭവിക്കും. കഴിഞ്ഞ ജന്മത്തിലെ നടത്തയുടെ ഫലമത്രേ വൎത്ത
മാനജന്മത്തിൽ നമുക്കുണ്ടാകുന്ന സുഖദുഃഖങ്ങൾ.

8. ഭാവി ബുദ്ധന്മാർ.—സന്യാസികൾക്കു മാത്രമെ നിൎവ്വാണം
ലഭിക്കയുള്ളു എന്നു ഇതിനു മുൻ പറഞ്ഞിട്ടുണ്ടല്ലോ. ഈ ഭൂമിയിൽ
വെച്ചു സന്മാൎഗ്ഗത്തിന്റെയും സമാധിയുടെയും അത്യുച്ചസ്ഥാനത്തെ
പ്രാപിക്കുന്നവരെ അൎഹതന്മാർ എന്നു പറയുന്നു. അവർ പുനൎജന്മം കൂടാ
തെ നിൎവ്വാണത്തിലെത്തുന്നു. നിൎവ്വാണം പ്രാപിക്കും മുൻപായി കുറ
ച്ചുകാലം അവർ അത്യുന്നതങ്ങളായ ധ്യാനലോകങ്ങളിൽ സഞ്ചരി
ക്കുന്നു. ഒരു ബോധിസത്വൻ നിത്യനിൎവ്വാണത്തിൽ പ്രവേശിക്കുന്ന
തിനു പകരമായി അജ്ഞാനത്തിൽ കിടക്കുന്ന മനുഷ്യവൎഗ്ഗത്തെ ഉപ
ദേശം കൊണ്ടുദ്ധരിപ്പാൻ ബുദ്ധനായി ജനിപ്പാനാണു ഇച്ഛിക്കു
ന്നതു്. ബോധിസത്വൻ ബുദ്ധൻ എന്നുള്ള നിലയിൽ 530 പ്രാവശ്യം
അവതരിച്ചിട്ടുള്ളതായി പറയുന്നു. ബുദ്ധന്റെ പൂൎവ്വസ്ഥിതികളെക്കുറി
ച്ചുള്ള കഥകൾ സിലോണിലെ ജാതകരേഖകളിൽ കാണുന്നുണ്ടു്.
7 പ്രാവശ്യം ഒരു സന്യാസിയായും, 24 പ്രാവശ്യം ഒരു ബ്രാഹ്മണ
നായും 18 പ്രാവശ്യം ഒരു കുരങ്ങായും, ഓരോ പ്രാവശ്യം ഒരു കള്ളൻ,
ചൂതുകളിക്കാരൻ, തവള, മുയൽ, പുള്ളു് എന്നിവയായും അദ്ദേഹം
ജനിച്ചിട്ടുണ്ടുപോൽ. എന്നാൽ ഒരു സ്ത്രീയായി ഒരിക്കലും ജനിച്ചി
ട്ടില്ല. ഒരു പുള്ളിനേക്കാൾ താണ നിലയിൽ ജനിപ്പാൻ അദ്ദേഹ
ത്തിനു കഴിഞ്ഞില്ല എന്നാണല്ലോ ഇതിനാൽ വന്നുകൂടുന്നതു്. സ്ത്രീ
പുള്ളിലും താണതാണെന്നായിരിക്കാം ബുദ്ധന്റെയും ബുദ്ധമതക്കാ
രുടെയും അഭിപ്രായം. ബുദ്ധമതക്കാർ പറയുന്നതു്:—അയ്യായിരം കൊല്ലം
കഴിയുമ്പോൾ ഒരു ബുദ്ധൻ അവതരിക്കുമെന്നാണു്. ഓരോ അൎഹ
ത്തിന്റെ ലക്ഷണങ്ങൾ താഴെ പറയുന്നവയാണു്: 1. സമസ്തലോകങ്ങളി
ലും നടക്കുന്ന സൎവ്വസംഭവങ്ങളും കാണ്മാൻ കഴിയുന്ന ദിവ്യചക്ഷു
സ്സ്. 2. ഓരോ ലോകങ്ങളിലെയും ഓരോ ശബ്ദങ്ങളും കേൾപ്പാൻ
കഴിയുന്ന ദിവ്യകൎണ്ണം. 3. പരഹൃദയങ്ങളിലെ ഗൂഢസംഗതിക
അറിവാനുള്ള ജ്ഞാനം. 4. കഴിഞ്ഞ സകല സംഗതികളും ഓൎമ്മി
ക്കാനുള്ള ശക്തി. 5. അത്ഭുതം പ്രവൎത്തിക്കാനുള്ള ശേഷി. 6. സക
ല ജീവികളോടുമുള്ള പൂൎണ്ണസ്നേഹം. സൂക്ഷ്മത്തിൽ നിരീശ്വരന്മാരാ
ബൌദ്ധന്മാർ ഒരു ബോധിസത്വനെ ദൈവമായി ഉയൎത്തുകയാണു ചെ
യ്യുന്നതു്. അദ്ദേഹം പ്രാൎത്ഥന കേൾക്കുന്നവനും, ഒരു ഉപകാരി

മായി വിചാരിക്കപ്പെടുന്നു. ...ബോധിസത്വനെ വണങ്ങ
ന്നുണ്ട്. ബോധിസത്വൻ ഉള്ളിൽ വസിക്കുന്ന ലാമാ മരിച്ച ഉടൻ
ശിശുവിൽ പ്രവേശിക്കയും, ആ ശിശു പിന്നീട് ലാമായുടെ സ്ഥാ
ച്ചക്കാരനായിത്തീരുകയും ചെയ്യുന്നു. ലാമാ എന്നു പറയുന്നത് ബുദ്ധ
മതമെത്രാനാണ്

9. ബുദ്ധമതോപദേശങ്ങൾക്കു ഹിന്തുമതവുമായുള്ള താരതമ്യം

ബുദ്ധൻ ബ്രാഹ്മണമതത്തെ പാടെ നിഷേധിച്ചു എങ്കിലും അവ
ടെ തത്വങ്ങളിൽ മിക്കതിനേയും അംഗീകരിച്ചിരുന്നു എന്ന് ഒരു
പണ്ഡിതൻ പറയുന്നു. ഹിന്തുമതത്തിലെ താഴെ പറയുന്ന സംഗ
തികൾ ബുദ്ധൻ വിട്ടുകളഞ്ഞു. 1. ഹിന്തുവേദങ്ങളുടെ അധികാ
രം. 2. ഹിന്തുദേവന്മാരുടെ ആരാധന, 3. യജ്ഞവും മൃഗവധവും
4. ദേവന്മാർക്കും മനുഷ്യർക്കും ഇടയിൽ ബ്രാഹ്മണർ മദ്ധ്യസ്ഥരാണെന്
ള്ള അഭിപ്രായം; 5. ജാതിഭേദം; എന്നാൽ ബുദ്ധന്റെ എഴുത്തുകളി
ൽനിന്നും പ്രസംഗങ്ങളിൽനിന്നും ഹിന്തുക്കളുടെ പാരമ്പര്യങ്ങളിപ്ര
യങ്ങൾ അദ്ദേഹത്തിന്റെ വിശ്വാസപരിധിയിൽ കടന്നുകൊണ്ടിരു
ന്ന എന്നു തെളിയുന്നു. "പ്രപഞ്ചമദ്ധ്യത്തു മഹാമേരു സ്ഥിതിചെയ്യു
ന്നു; അതിന്റെ ചുറ്റും താണഭാഗത്തു അസുരന്മാരും ദൈത്യന്മാരു
ടിയിരിക്കുന്നു. ഉയർന്നഭാഗം ഹിന്തുദേവന്മാർ വസിക്കുന്ന സ്വർഗ്ഗ
മാണ്; പർവ്വതത്തിന്റെ ഉപരിഭാഗത്തു ഇന്ദ്രൻ വേദത്തിലെ 33
ദേവതകളോടുകൂടി വസിക്കുന്നു; മേരുപർവ്വതത്തിനു മീതെ ആറു സ്വ
ർഗ്ഗങ്ങൾ ഉണ്ട്. അവ ഉപര്യുപരി ലോകങ്ങളാകുന്നു, അവിടെ
ിയിരിക്കുന്ന ദേവന്മാരും പുണ്യവാന്മാരും പുനർജ്ജനിപ്പാൻ ഇട
യുണ്ട്; ഇതുവരെയും അവർക്കു പൂർണ്ണമായ ഇച്ഛാനിവൃത്തി വന്നിട്ടി
ല്ല; ഈ സ്വർഗ്ഗങ്ങളിൽ നാലാമത്തതിൽ ബോധിസത്വനെമൈത്രേയൻ
ർവ്വബുദ്ധനാകുവാനുള്ള മഹോദ്യമങ്ങൾ ചെയ്തുകൊണ്ടു പാർക്കുന്നു
ഈ സ്വർഗ്ഗങ്ങൾക്കു മീതെ നാലു ധ്യാനലോകങ്ങൾ ഉണ്ട്; അവയി
ൽ വെച്ച് ഏറ്റം ഉയർന്നതിൽ ചിന്തയോ ചിന്താരാഹിത്യമോ ഇ
ല്ല; അതു നിർവ്വാണത്തിനു മുൻപുള്ള പടവാണ്; ഹിന്തുക്കളെപ്പോ
ലെ ബുദ്ധമതക്കാരും കല്പങ്ങളിൽ അഥവാ ലോകവിനാശത്തിൽ
വിശ്വസിക്കുന്നു. ഏഴുപ്രാവശ്യം അഗ്നിയാൽ ദഹിച്ചശേഷം ലോ
കം എട്ടാമതു വെള്ളത്താൽ നശിപ്പിക്കപ്പെടും; ഇങ്ങിനെ 63 വി
നാശങ്ങൾ കഴിയുമ്പോൾ 64-ാമത്തെ വിനാശം കാറ്റിനാൽ സം
ഭവിക്കും; കൊടുങ്കാറ്റിനാലുള്ള നാശം കഴിഞ്ഞു പിന്നെയും കാ
ലം ചെല്ലുമ്പോൾ മേഘങ്ങൾ സമൂഹിക്കയും ധാരധാരയായി മഴ
വർഷിക്കയും ചെയ്യും; അനന്തരം സകലവും വീണ്ടും സൃഷ്ടിക്കപ്പെ
ടും". ഈവിധമൊക്കെയും ബുദ്ധമതക്കാർ വിശ്വസിക്കുന്നു. ഇപ്പോ
ൾ അവരോടു ഒരു ചോദ്യം ചോദിക്കാം. ദൈവമില്ലെങ്കിൽ ലോ
കത്തെ പുനർഭവിപ്പിക്കുന്നതാർ? ബുദ്ധമതക്കാർ ഇതിനുത്തരം പറ
കയില്ല.

(തുടരും)

# ദുരുപദേശകാലക്കണക്ക്

(From "Our Hope")

റോമാസഭയിൽ ഓരോ ദുരുപദേശങ്ങളും, ദുരാചാരങ്ങളും നൂറ്റാണ്ടുകളിൽ പലപ്പോഴായിട്ടുള്ള പല കാലങ്ങളിലായിട്ടാണ്. ഇപ്പോഴും അതിൻെറ ഉപദേശങ്ങളിൽ നൂറുക്ക് ഇരുപത്തഞ്ചുമാത്രം ക്രിസ്തുവോപദേശങ്ങളും എഴുപത്തഞ്ചു, ജാതികളിൽ നിന്നു കടന്നുകൂടീട്ടുള്ളതുമാണ്. ഈ വലുതായ ദുഷിപ്പിനു ഇരുപതു നൂറ്റാണ്ടുകൾ മുഴുവൻ വേണ്ടിവന്നു എന്നു താഴെവരുന്ന പട്ടിക വായിക്കുന്നവർക്കു ബോധപ്പെടാതിരിക്കയില്ല.

എ. ഡി.

മരിച്ചവർക്കുവേണ്ടിയുള്ള പ്രാർത്ഥന... ... ... ൩൱ *
പള്ളികളിൽ മെഴുകുതിരി ഉപയോഗിച്ചുതുടങ്ങിയതു... ൩൱൨൰
പുണ്യവാളന്മാരുടേയും ദൂതന്മാരുടേയും ആരാധന... ൩൱൭൰൫
കുർബ്ബാന... ... ... ... ... ... ൩൱൯൰൪
മറിയാരാധന... ... ... ... ... ൪൱൩൰൧
പട്ടക്കാരും അയ്മേനികളും വ്യത്യസ്തപ്പെട്ടവസ്ത്രം
ധരിക്കാൻ തുടങ്ങിയതു... ... ... ... ൫൱
ശുദ്ധീകരണസ്ഥലം (ബസ്പൂക്കാന്താ) ഉപദേശം ... ... ... ൫൱൯൰൩
അറിയാത്ത ഭാഷയിൽ ആരാധനതുടങ്ങിയതു... ... ൬൱
റോമാമെത്രാൻ സാർവ്വത്രിക ബിഷോപ്പ് എന്ന
സ്ഥാനമെടുത്തതു... ... ... ... ... ൬൱൭
കന്യകമറിയയുടെ ബഹുമാനാർത്ഥം പെരുനാളുകൾ
ഏർപ്പെടുത്തിയതു... ... ... ... ... ൬൱൫൰
പാപ്പയുടെ കാൽ മുത്തുക... ... ... ... ൭൱൯
പ്രതിമകളുടേയും തിരുശേഷിപ്പുകളുടേയും ആരാധന ... ൭൱൮൰൬
വിശുദ്ധ വെള്ളം... ... ... ... ... ൮൱൫൰
യൌസേപ്പുപുണ്യവാളൻെറ ആരാധന... ... ൮൱൯൰
മണിമാമോദീസാ... ... ... ... ... ൯൱൬൰൫
പുണ്യവാളസ്ഥാനം കൊടുക്കുക... ... ... ൯൱൯൰൫

---

* 200-ലാണെന്നഭിപ്രായമുള്ളവരുമുണ്ട്.

| | |
|---|---|
| | ഏ: ഡി |
| മരിച്ചുവക്കുവേണ്ടിയുള്ള പെരുനാളുകൾ.... ... | ൧൦൦ |
| പട്ടക്കാരുടെ വിവാഹം വിലക്കൽ... ... ... | ൧൦ |
| സഭയുടെ ഒത്തറിക്കൂട്ടായ്മയുടെ ഉപദേശം... ... | ൧൦ |
| കൊന്ത ഏർപ്പെടുത്തിയത്... ... ... ... | ൧൦ |
| കൂദാശകൾ ഏഴെണ്ണമെന്ന് പഠിപ്പിച്ചത്... ... | ൧൧ |
| ഇങ്കിസിഷൻ ഏർപ്പെടുത്തിയത്... ... | ൧൧ |
| പാപമോചന പത്രിക വിററുതുടങ്ങിയത്... ... | ൧൧ |
| കുർബ്ബാനയിൽ അപ്പത്തിന്റെപകരം അട ഏർപ്പെടുത്തിയത്... | ൧൨ |
| വസ്തുഭേദോപദേശം... ... ... ... | ൧൨൧ |
| കുമ്പസാരം... ... ... ... ... | ൧൨൧ |
| ഫ്രാൻസിൽ ഇങ്കിസിഷൻ ഏർപ്പെടുത്തിയത്... | ൧൨൧ |
| ഓസ്തി ആരാധന... ... ... ... ... | ൧൨ |
| കുർബ്ബാനയ്ക്കിടയിൽ മണികിലുക്കാരംഭിച്ചത്... ... | ൧൨ |
| കർദ്ദിനാളന്മാർ ചുവന്ന തൊപ്പിധരിച്ചുതുടങ്ങിയത്... | ൧൨ |
| കോർപ്പസ് ക്രിസ്റ്റി എന്ന പെരുനാൾ ഏർപ്പെടുത്തിയത്... | ൧൨ |
| തോംവസ്ത്രം... ... ... ... ... | ൧൨ |
| നന്മനിറഞ്ഞമറിയം... ... ... ... | ൧൩൧ |
| കുർബ്ബാന ഏഴകന്നുള്ളിക്കൽ... ... ... | ൧൩൩ |
| അയ്മേനികൾക്കു വീഞ്ഞു വിരോധിച്ചത്... ... | ൧൪൧ |
| ബസ്പുക്കാനാ സ്ഥിരപ്പെടുത്തിയത്... ... | ൧൪൩ |
| ഏഴു കൂദാശകൾ ഉറപ്പിച്ചത്... ... ... | ൧൪൩ |
| ഇങ്കിസിഷൻ, സ്പെയിനിൽ... ... | ൧൪൭ |
| പാരമ്പര്യങ്ങളെ വേദത്തോടു സമമാക്കിയത്... ... | ൧൫൪ |
| വിശുദ്ധവേദഗ്രന്ഥപട്ടികയിൽ അപ്പോക്രിഫാ | |
| പുസ്തകങ്ങൾ സ്വീകരിച്ചത് ... ... | ൧൫൪ |
| ത്രെന്തോസുന്നഹദോസിൽവെച്ച് ഏഴു കൂദാശകൾ | |
| വിശ്വാസസംഗതിയായി സ്വീകരിച്ചത് ... ... | ൧൫൪ |
| കന്യകമറിയയുടെ അമലോത്ഭവം... ... ... | ൧൮൫ |
| പാപ്പായുടെ ലൗകികാധികാരം... ... ... | ൧൮൭ |

-ാം പീയൂസിൻെറ സ്വാതന്ത്ര്യനിരോധനസിലബസ്സ്. [illegible]

പ്രസ്തുത സിലബസ്സ് വത്തിക്കാൻ കൗൺസിൽ

സ്വീകരിച്ചത്... ... ... ... [illegible]

മാർപ്പാപ്പായുടെ തെററായ്മ... ... ... [illegible]

നവീനമതങ്ങൾക്ക് വിരോധമായുള്ള

-ാം പീയൂസിൻെറ കല്പന... ... ... [illegible]

പട്ടക്കാരനാൽ കഴിക്കപ്പെടാത്ത വിവാഹം

അസാധുവെന്നു കല്പിച്ചത്... ... ... [illegible]

കന്യകമറിയം ശരീരത്തോടുകൂടി സ്വർഗ്ഗത്തിൽ

കരേറിക്കപ്പെട്ടു എന്നുള്ളത്... ... ... ... [illegible]


# സഹസ്രാബ്ദം

## (തുടർച്ച)

സഹസ്രാബ്ദത്തെക്കുറിച്ചു ക്രിസ്തീയസഭയിൽ വിവിധാഭിപ്രായങ്ങൾ ഉള്ളവയായിട്ടുണ്ട്. ഈ വിശിഷ്ടോപദേശത്തെ മറച്ചുകളയുന്നതിനെന്നും മറിച്ചുകളയുന്നതിനെന്നും കഴിയുന്ന പ്രയത്നമെല്ലാം സാത്താൻ ചെയ്തിട്ടുണ്ടെന്നുള്ളതിനു തർക്കമില്ല. ക്രിസ്തുവിൻെറ ആഗമനവാഗ്ദത്തത്തിൻെറ ഉപദേശത്തിനു യഹൂദന്മാരും ജാതികളും എതിരായിരുന്നുവെന്നുള്ളതു തൻെറ വാഗ്ദത്തത്തെ പിണരു ചാർത്തി അവനെ അവർ കുരിശിച്ചതിൽനിന്നു തെളിവാകുന്നു. അനന്തരകാലങ്ങളിലുള്ള ചിലർ ഈ രാജ്യോപദേശത്തിൻെറ വ്യാപ്തിയും പ്രചാരവും കണ്ടു സഹിക്കവയ്യാതെ അതിൻെറ പ്രചാരകന്മാരെ ദുഷിച്ചും വധിച്ചും ഇല്ലായ്മ ചെയ്യാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ഈ വിപരീതപ്രവൃത്തി, വാസ്തവത്തിൽ സഹസ്രാബ്ദവിശ്വാസികളുടെ സംഖ്യയെ വർദ്ധിപ്പിക്ക മാത്രമാണു ചെയ്തതു്. മർദ്ദനോപായംകൊണ്ടു് ഇതിനെ അമർത്താൻ കഴികയില്ലെന്നു വന്നപ്പോൾ സാത്താൻ വൈദികന്മാർവഴി ഈ ഉപദേശത്തെ ദുഷിപ്പിക്കുന്നതിനു വഴ തെയ്തിച്ചു. ഇതിനാൽ ക്രിസ്തുവിൻെറ ആഗമനവാഗ്ദത്തത്തെ എതിർപ്പാൻ ഒരു വ്യാഖ്യാനപദ്ധതി പെട്ടിത്തുറന്നു. എങ്ങിനെയെന്നാൽ അക്ഷരാർത്ഥമുള്ള സഹസ്രാബ്ദോപദേശസൂക്തങ്ങൾ "ജ്ഞാനാർത്ഥ"പ്പെടുത്തേണ്ടവയാണെന്നു ചിലർ പ്രസംഗിച്ചുതുടങ്ങി എന്നു മാത്രമല്ല ക്രിസ്തുനാഥൻെറ വാഗ്ദത്തത്തെ സംബന്ധിച്ചു പറയുന്ന മറ്റെല്ലാഭാഗങ്ങളും ആത്മാർത്ഥീകരിക്കേണ്ടതാണെന്നു പൊതുവിൽ സ്ഥാപിക്കയും ചെയ്തു.

ഇത്ര ഗ്രാഹ്യമായ ഒരു മാററത്തിലെത്തുവാൻ സുവിശേഷം പ രജാതിവിശ്വാസത്തിനു് അനുസരണമായി ഭേദപ്പെടുത്താതെ നി വൃത്തിയില്ല. വേദാനുസരണമായ വ്യാഖ്യാനരീതിയും മറിക്കേ ണ്ടിയിരിക്കുന്നു. സാത്താൻ ഓറിജിനേയും അഗസ്റ്റീനേയും ഇതി ലേക്കു് ആയുധങ്ങളായി ഉപയോഗിച്ചു. അവർ തിരുവെഴുത്തുക ൾക്കു "ജ്ഞാനാർത്ഥം" അഥവാ "രൂപകാർത്ഥം" നടപ്പാക്കി. വിവി ധമായ വേദപ്രസ്താവനകളെ ഈ വ്യാഖ്യാനരീതി ഭേദപ്പെടുത്തിയ കൂട്ടത്തിൽ ക്രിസ്തുവിന്റെ വാഴ്ചയെക്കുറിച്ചുള്ള വാക്യങ്ങളും ഭിന്ന ഭിപ്രായങ്ങളായിത്തീർന്നു.

നാലാം നൂററാണ്ടിൽ ക്രിസ്തുമതം റോമാസാമ്രാജ്യത്തിലെ ഭ ണമതമായിത്തീർന്നു. എന്നാൽ നിർമ്മലതയില്ലായിരുന്നു അതു പ്ര ചരിച്ചതു്. സഭ അക്കാലത്തു വിഗ്രഹാരാധനകൊണ്ടും മററു മൂഢ വിശ്വാസങ്ങൾകൊണ്ടും മലിനപ്പെടുവാൻ തുടങ്ങിയിരുന്നു.

സന്യാസ ഏർപ്പാടു, തപസ്സ്, ധൂപം, മെഴുകുതിരി, ത്രോണോ സിന്റെ മുമ്പിൽ മുട്ടുകുത്തുക, പള്ളിമതിലുകൾ ചുംബിക്കുക, വേ ദസാക്ഷികളുടെ രക്തം, അസ്ഥി, മുതലവെണ്ണീർ എന്നിവയെ പൂ ജിക്കു; രക്തസാക്ഷികളുടെ കവറുകളിൽ പുണ്യയാത്രപോക; പു ണ്യവാളന്മാരുടെ പടങ്ങൾ, തിരുശേഷിപ്പുകൾ, പട്ടക്കാരുടെ ആ ഡംബരമുള്ള വസ്ത്രധാരണം, പൌരോഹിത്യമുറകൾ, കൂദാശകളി ലെ രഹസ്യശക്തി എന്നിവ ക്രിസ്തീയസഭയിൽ മിക്കവാറും അക്കാ ലത്തു കാണ്മാനുണ്ടായിരുന്നു എന്നു സഭാചരിത്രം നമ്മോടു പറയുന്നു

ഡോക്ടർ-മൊഷീം എന്ന സഭാചരിത്രപണ്ഡിതർ പറയുന്നതു വിതു:-"ഓറിജനും മററനേക ക്രിസ്ത്യാനികളും ഒരു പുതിയതര ഫിലോസഫി അബുദ്ധിപൂർവ്വമായി സ്വീകരിക്കയുണ്ടായി. അതു സു വിശേഷത്തേയും, അതിന്റെ ഭംഗിയേറിയ സ്വർഗ്ഗീയോപദേശങ്ങ ളുടെ ലാളിത്യത്തേയും അപകടപ്പെടുത്തുന്നതായിരുന്നു."

കോളരിഡ്ജ് ഇങ്ങനെ പറയുന്നു:—"സഭയുടെ പട്ടക്കാർ തങ്ങൾ എങ്ങും പ്രചരിപ്പിക്കേണ്ട സുവിശേഷത്തിന്റെ ജീവനു വെളിച്ചവും ക്രമേണ വെറും മൂഢവിശ്വാസങ്ങളായി മാററി. ഇതു ശും പുറജാതിമതത്തെ ക്രിസ്തുമതമാക്കുന്നതിനുവേണ്ടി ക്രിസ്തുമത ത്തേയും പുറജാതിമതമാക്കിത്തീർത്തു."

ഡോക്ടർ-ഡഫീൽഡ്:—"ഇവയെല്ലാം യഥാർത്ഥത്തിൽ ഓറി ജന്റെ രൂപകാർത്ഥവ്യാഖ്യാനത്തിൽനിന്നും, പ്ളേറ്റോന്യ തത്വ ജ്ഞാനത്തിൽനിന്നും ഉളവായിട്ടുള്ളതാണു്. അയാൾ ഭൂമിയിലുള്ള സഭ, മർമ്മമായ ദൈവരാജ്യമാണെന്നു സിദ്ധാന്തിച്ചു."

ഓറിജൻ വളരെ സാമർത്ഥ്യമുള്ള ഒരു ഗ്രീക്കുതത്വജ്ഞാനിയുടെ ശിഷ്യനായിരുന്നു. ഇയാൾ ക്രിസ്തീയോപദേശങ്ങളെ വകതിരി ച്ചറിയാതെ സഭയിൽ ചേർന്നു. അവന്റെ പേർ അമ്മോണിയസ്സ്

ാക്കസ്സ് എന്നത്രെ. ഈയാളുടെ അടുക്കൽനിന്നാണ പുറജാതി ത
ത്വജ്ഞാനത്തിന്റെ ആദ്യപടവുകൾ ഓറിജൻ പഠിച്ചതു. പര
ജ്ഞാനത്തിൽ വിദഗ്ദ്ധനായിരുന്ന അലക്സാണ്ടർ സെവ
സ്സിന്റെ വാഴ്ചക്കിടയിൽ ഓറിജൻ മതങ്ങളെ ഏകീകരിക്കുന്നതി
രാജാവിനു സഹായമായിനിന്നു. മററു ദേവന്മാരോടുകൂടി ക്രി
സ്തുവിന്റെ നാമവും കൂട്ടിച്ചേർപ്പാൻ സംഗതിവരുത്തി. അനന്തരം
ഡമാന്റസ്സ് എന്നുള്ള തന്റെ ആദിപേർ മാററി ഓറിജൻ എന്ന
പർ സ്വീകരിച്ചു.

അന്നുമുതൽ സുവിശേഷത്തിന്റെ പ്രത്യേകോപദേശങ്ങൾ പ
ിപ്പിക്കയെന്നുള്ളതു് ദുർല്ലഭമായി. പാപപരിഹാരമരണത്തെക്കുറി
പ്പുള്ള പ്രസംഗം നിറുത്തി. കർത്താവിന്റെ പ്രത്യാഗമനവും, ഭാ
വിരാജ്യവും തള്ളിക്കളഞ്ഞു. ശരീരപുനരുത്ഥാനവും സ്വപ്നമാക്കി.
ഏ. ഡി. 381-ൽ ഡമാസസ് പാപ്പാ കീഴ് സഹസ്രാബ്ദം ഇപ്പോ
ൾതന്നെ ആരംഭിച്ചിരിക്കുന്നു എന്നു പരസ്യം ചെയ്യുകയും, കർത്താവി
ന്റെ രണ്ടാംവരവിനും രാജ്യത്തിനും കാത്തിരുന്നവരെയെല്ലാം
ാടത്തുകാർ എന്നു പറഞ്ഞു് ചാടിച്ചുകളകയും ചെയ്തു.

ഇതു പാപ്പാമതപദ്ധതിക്കുള്ള വഴിയൊരുക്കമായിരുന്നു. അ
തിനാൽ ക്രിസ്തുരാജ്യം ആത്മീയമാണെന്നും, സഹസ്രാബ്ദം പട്ടക്കാ
ർ വഴിയുള്ള കർത്താവിന്റെ വാഴ്ചയാണെന്നും സ്ഥാപിതമായി. എ
ന്നിരിക്കിലും രണ്ടു പുനരുത്ഥാനങ്ങൾക്കും മദ്ധ്യത്തിലുള്ള ക്രിസ്തുവി
ന്റെ ആളുതവാഴ്ചയുടെ ഉപദേശം വെളിപ്പാടുപുസ്തകത്തിൽ വ
ളരെ തെളിവായി പഠിപ്പിക്കപ്പെട്ടിട്ടുള്ളതും, മൂന്നു നൂററാണ്ടുമുഴുവ
ൻ സഭ ബലമായി പിടിച്ചുനിന്നതുമാകുന്നു. അതിനാൽ സഹസ്രാ
ബ്ദോപദേശത്തെ സഭയിൽനിന്നു നിഷ്കാസനം ചെയ്വാൻ ഉത്സാ
ഹിച്ചവർക്കു വിശുദ്ധ വേദപുസ്തകത്തിൽനിന്നും വെളിപ്പാടുപുസ്തക
ത്തെ തള്ളേണ്ടതു് അത്യാവശ്യമായി വന്നുകൂടി.

ഇതിനെക്കുറിച്ചു ഗിബ്ബൺ ഇങ്ങിനെ പറയുന്നു:—"ഏ.
ഡി. 360-ൽ ലവോഡിഷ്യയിൽ കൂടിയ സുന്നഹദോസിൽ വെ
ളിപ്പാടുപുസ്തകം ഏതു സഭകൾക്കെഴുതിയോ ആ സഭകളാൽതന്നെ
തള്ളിക്കളയപ്പെട്ടു. അവരുടെ വിധി ആകാലത്തുണ്ടായിരുന്ന ഗ്രീ
രിപക്ഷം ക്രിസ്ത്യാനികൾക്കും സമ്മതമായിരുന്നുവെന്നു് സൽപിഷ്യ
സ് സെവെറസ്സിന്റെ സങ്കടം പറച്ചിലിൽനിന്നും ഗ്രഹിക്കാം.

മിസ്റ്റർ. എച്ചു്. ബോണർ വെളി. 20-ാം അദ്ധ്യായത്തെക്കുറി
ച്ചു എഴുതുമ്പോൾ പറയുന്നതാവിതു:—"ഈ വാക്യം ആദ്യത്തെ മൂ
ന്നു നൂററാണ്ടുകളിൽ സഭ ബലമായി പരിഗ്രഹിച്ചിരുന്നതാണെ
ഇതു 'സഹസ്രാബ്ദത്തിന്റെ കോട്ട' എന്നു പറയപ്പെട്ടിരിക്കുന്നു. സ
ഹസ്രാബ്ദവിരോധികൾ ഈ ഉപദേശത്തിൽനിന്നു തെററിയൊഴി
യുന്നതിനു വെളിപ്പാടുപുസ്തകം മുഴുവൻ നിഷേധിക്കുക മാത്രമെ

ള്ളതമാസ്സമായു കണ്ടുള്ളൂ. അത്രമാത്രം പ്രസ്തുത വാക്യത്തിന്റെ സ
ക്ഷ്യം ശക്തിമത്തും ഖണ്ഡിതവുമായിട്ടാണ് ഗണിച്ചിരുന്നതു്. ന
ഹസ്രാബ്ദോപദേശവും വെളിപ്പാടുപുസ്തകവും അന്യോന്യം പിരി
പ്പാൻ പാടില്ലാത്തവിധം നിത്യസംബന്ധങ്ങളായിട്ടത്രെ അന്നുള്ളവ
ർ വിചാരിച്ചതു്."

ഡോക്ടർ. ബർണാഡിന്റെ അഭിപ്രായം:-"സഹസ്രാബ്ദ
വിശ്വസിക്കുന്ന യാതൊരു പാപ്പാ മതശാസ്ത്രിയേയും ഞാൻ ഇതുവ
രെ കണ്ടിട്ടില്ല. ഈ ഉപദേശം റോമാസഭയെ സന്തോഷിപ്പിച്ചി
ട്ടില്ലെന്നു മാത്രമല്ല, അതിനു് അനിഷ്ടമുണ്ടാക്കിയെന്നാണു പറ
യേണ്ടതു്. കാരണം; അവർ വരച്ചുണ്ടാക്കിയിരിക്കുന്ന ക്രിസ്തുമ
തരേഖയോടു് അതു യോജിക്കുന്നില്ല. യോഹന്നാന്റെ വെളിപ്പാ
ടിൽ കാണുന്ന സങ്കടങ്ങളിലും പ്രയാസങ്ങളിലും കടന്നുപോക
ന്നു. എന്നാൽ റോമാസഭയോ, ക്രിസ്തു പാപ്പാമുഖാന്തരം വാഴുന്നു എ
ന്നു വിശ്വസിച്ചുകൊണ്ടു ലൌകൈകശ്വൎയ്യത്തിലും പ്രതാപത്തിലും
സ്ഥിതിചെയ്യുന്നു. അതു കുറേക്കാലത്തേക്കു ക്രിസ്തുമതത്തിന്മേൽ വ
ന്നുകൊണ്ടിരുന്നു. ഉപദ്രവമനുഭവിക്കുന്നവർക്കുള്ള പ്രതിഫലവും, അ
വരുടെ വിജയപതാകയുമായ സഹസ്രാബ്ദം ആഡംബരത്തിലും
ഐശ്വൎയ്യത്തിലും വാഴുന്ന റോമാസഭയ്ക്കു ആശ്വസിക്കത്തക്കതോ ഭ
ക്കാവുന്നതോ അല്ലല്ലോ? ഇതുകൊണ്ടത്രേ റോമാസഭ ഈ ഉപദേശ
ത്തെ അന്യമായികണ്ടതു്. അവർ പ്രതാപത്തിലും പ്രഭാവത്തി
ലും കൂടിവന്നപ്പോൾ അതും നിഷ്പ്രഭവും ക്രമേണ അന്തർഹിതവു
മായിത്തീൎന്നു. നവീകരണകാലത്തു ചിലർ പ്രസ്തുത ഉപദേശത്തെ
പുനർജ്ജീവിപ്പിച്ചില്ലായിരുന്നുവെങ്കിൽ അതു് ഒരു തെറ്റുപദേശ
മെന്നപോലെ ലോകത്തിനു നഷ്ടപ്പെട്ടുപോകുമായിരുന്നു."

Apostolic Sketches

(തുടരും)

# ആളാംപ്രതിയുള്ള ക്രിസ്തീയ വേല.

(തുടർച്ച്)

3: ആളാംപ്രതിയുള്ള ക്രിസ്തീയവേല ചെയ്യുന്നതിനുള്ള പ്ര
തിബന്ധങ്ങൾ ഏവ?

ഈ വേല ചെയ്യുന്നതിൽ നിന്നു നമ്മെ വിരോധിക്കുന്നതെ
ന്തു്? ആത്മാക്കളെ സംബന്ധിച്ചുള്ള സംരക്ഷണത്തിൽ നിന്നു് ന
മ്മെ നിരോധിക്കുന്നതായ ഒററ സംഗതി മാത്രമേ സൎവ്വലോകത്തി
ലും കൂടി ഇന്നു വ്യാപരിച്ചിട്ടുള്ളൂ. അതെന്തു്? പാപം തന്നെ. അ
തേ, നമ്മിൽ ഇന്നു് അറിയപ്പെട്ടിരിക്കുന്നതായ വല്ല പാപവും ഉ

മായിരുന്നാൽ അതു നമ്മുടെ അധരങ്ങളെ ബന്ധിച്ചുകളയും. ഈ വേല ചെയ്യണമെന്നു് ഇന്നു് ആഗ്രഹിക്കുന്നെങ്കിൽ നാം ഏറ്റവും പരിശുദ്ധമായ ഒരു ആത്മീയ ജീവിതം ജീവിക്കേണ്ടിയിരിക്കുന്നു. അതായതു നമ്മിൽ മറ്റുള്ളവർക്കു യാതൊരു സംശയവും ജനിക്കാതിരിക്കത്തക്കവണ്ണം നമ്മുടെ ഉള്ളങ്ങളിൽ അധിവസിക്കുന്നതായ സകല പാപക്കറകളേയും ഉപേക്ഷിക്കണം. ആദ്യവസാനം നമ്മുടെ ജീവിതം പരിശുദ്ധമായിരുന്നേ മതിയാവൂ.

ഇസ്രായേൽജനങ്ങൾ ആയിയിൽ വെച്ചു ശത്രുക്കളാൽ ഭയങ്കരമായി തോല്പിക്കപ്പെട്ടതു് അവർക്കു സർവ്വവിജയത്തെയും നൽകുവാൻ ദൈവത്തിനു പ്രാപ്തിയില്ലാഞ്ഞിട്ടാണെന്നു് ആരും വിചാരിക്കയില്ലല്ലോ. ഭയങ്കരമായ ആ തോൽവിയുടെ ഏകകാരണം അവരുടെ പാളയത്തിൽ ഉണ്ടായിരുന്ന പാപം തന്നെ ആയിരുന്നു. ഇതു് ആളാംപ്രാപ്തിയുള്ള വേല ചെയ്യണമെന്നു് ആഗ്രഹിക്കുന്നവർക്കു് ഒരു നല്ല പാഠമായിരിക്കുമെന്നു ഞാൻ വിചാരിക്കുന്നു.

ഈ വേലയിൽ ഏറ്റവും സമർത്ഥനായിരുന്ന ഒരുത്തനെ ഞാൻ അറിയും. അദ്ദേഹം ലോകത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചിട്ടുള്ള ഒരുത്തൻ ആത്രേ. 'ഏതെങ്കിലും വിധത്തിൽ മനുഷ്യരുടെ ഹൃദയങ്ങളിൽ അധിവസിക്കുന്ന പാപം മാത്രമാകുന്നു ഈ മഹത്തേറിയ വേല ചെയ്യുവാൻ മനുഷ്യർക്കു പ്രതിബന്ധമായി വന്നിരിക്കുന്നതു്' എന്നു് ഒരിക്കൽ അദ്ദേഹം എന്നോടു പറയുകയുണ്ടായി. പക്ഷേ, മനുഷ്യരേ ഉള്ള ഭയമോ, ആത്മാക്കൾക്കു വേണ്ടിയുള്ള സ്നേഹമില്ലായ്മയോ ആയിരുന്നു എന്നും വന്നേക്കാം. അവ എന്തായിരുന്നാലും നമുക്കു ഇപ്പോൾതന്നെ ദൈവവുമായി ശരിപ്പെടാം. അപ്പോൾ ദൈവത്തിന്റെ പരിശുദ്ധാത്മാവു ബോധപ്പെടുത്തുന്നതുപോലെ ഈ വേല ചെയ്യാൻ നാം പ്രാപ്തരാകും.

## 4. ആളാംപ്രാപ്തിയുള്ള വേല ചെയ്യേണ്ടതു് എപ്പോൾ?

പരിശുദ്ധാത്മാവു നമ്മെ പ്രേരിപ്പിക്കുന്നതായ സമയങ്ങളിൽ എല്ലാം അത്രേ. തങ്ങൾക്കു വരാവുന്നതായ ഭാവിയെ അശേഷം ഗണിക്കാതെയും, ലോകജ്ഞാനത്തിൽ ആശ്രയിക്കാതെയും ദൈവത്താൽ നടത്തിക്കപ്പെടാൻ അനുവദിക്കുന്നതായ പുരുഷന്മാരെയും സ്ത്രീകളെയും അത്രെ ഇന്നു താൻ അന്വേഷിക്കുന്നതു്. ദൃഷ്ടാന്തമായി അനന്യാസ് പരിശുദ്ധാത്മാവിന്റെ പ്രേരണയെ അനുസരിക്കാതെ ശൗൽ തന്നെ യറുശലേമിലേക്കു തടവുകാരനായി കൊണ്ടുപോയേക്കും എന്നുള്ളതുകൊണ്ടു് ദൈവത്തിന്റെ ശബ്ദത്തെ അനുസരിപ്പാൻ തനിക്കു കഴികയില്ല എന്നു പറഞ്ഞിരുന്നെങ്കിൽ, ക്രിസ്തീയ ലോകത്തിൽ ഏറ്റവും ഉന്നതസ്ഥിതിയെ പ്രാപിച്ചവനും അനേകായിരം ആത്മാക്കളെ ആദായപ്പെടുത്തിയിട്ടുള്ളവനുമായ പൌലൊസ് അപ്പൊസ്തോലനെ ക്രിസ്തുവിങ്കലേക്കു നടത്തിയതിൽ നിന്നുള്ള ന

ന്തോഷവും ബഹുമാനവും അനുഭവിപ്പാൻ സാധിക്കയില്ലായിരുന്ന പരിശുദ്ധാത്മാവു ബോധപ്പെടുത്തിയ ഉടൻതന്നെ യാതൊരു സംശയവും കൂടാതെ അവർ അനുസരിച്ചു. അവന്റെ അനുസരണത്തിന്റെ ഫലം എത്രത്തോളം മഹത്തേറിയതായിരുന്നു എന്നുള്ളതു നിത്യതയിങ്കൽ മാത്രമെ പ്രത്യക്ഷപ്പെടാൻ തരമുള്ളു.

ഫീലിപ്പോസ് ഒരു ലോകമനുഷ്യനായിരുന്നെങ്കിൽ മരുഭൂമയിലേക്കു പോകുന്നതിന്റെ ആവശ്യകത എന്തെന്നു ചോദിക്കുമായിരുന്നു. എന്നാൽ അവൻ ദൈവത്തിന്റെ ശബ്ദത്തെ അനുസരിക്കുന്നവനും, ദൈവോപദേശങ്ങൾ അനുസരിച്ചു പ്രവൎത്തിക്കുന്നവനും, ദിവസത്തിനു ദിവസം വിശ്വാസത്തിൽ വളൎന്നുവന്നവനും ആയിരുന്നതുകൊണ്ടു ഉടൻതന്നെ അനുസരിച്ചു.

അത്യും പ്രതിയുള്ള വേല ചെയ്വാൻ ആഗ്രഹിക്കുന്നവൻ പരിശുദ്ധാത്മാവിന്റെ ശബ്ദത്തെ ഉടൻ അനുസരിക്കണമെന്നും അങ്ങനെ അനുസരിക്കുന്നതിൽനിന്നു ആശ്ചൎയ്യകരമായ ഫലങ്ങൾ സിദ്ധിക്കുമെന്നും ധരിച്ചിരിക്കേണ്ടതാണു.

ആത്മാവു ഫീലിപ്പോസിനോടു 'നീ അടുത്തുചെന്നു തേരിനോടു ചേൎന്നു നടക്ക' എന്നു പറഞ്ഞു. ഫീലിപ്പോസു അവിടേക്കു ഓടിച്ചെന്നു.

ഒരു എരിവുള്ള ക്രിസ്ത്യാനി ഒരിക്കൽ തീവണ്ടിയിൽ യാത്ര ചെയ്യേണ്ടതായിവന്നു. ദൈവത്തിനു ഇഷ്ടമെങ്കിൽ യാത്രയിൽ അവനെ ഒരു ആയുധമായി എടുത്തുപയോഗിച്ചുകൊള്ളണം എന്നു പ്രാൎത്ഥിച്ചു. അന്നേദിവസം തീവണ്ടിമാൎഗ്ഗം യാത്ര ചെയ്യുന്നതിനു വളരെ ആളുകൾ ഉണ്ടായിരുന്നതുനിമിത്തം അവനു കിട്ടിയസ്ഥലം ആത്മാക്കളേ സംബന്ധിച്ചകാൎയ്യം സംസാരിക്കുന്നതിനു സൌകൎയ്യമുള്ള ഒന്നല്ലായിരുന്നു. അല്പസമയം കഴിഞ്ഞപ്പോൾ മോടിയാ വസ്ത്രങ്ങൾ ധരിച്ച ഒരു സ്ത്രീ അവനടുത്തിരിക്കുന്നതുകണ്ടു. അവൾ വണ്ടിയിൽ വായിച്ചുകൊണ്ടിരിക്കയായിരുന്നു. എന്നാൽ അവളോടു സംസാരിപ്പാൻ പരിശുദ്ധാത്മാവു അവനോടു ആവശ്യപ്പെട്ടു. അവൻ ഇതിന്നായി പ്രാൎത്ഥിച്ചു. 'അവളുടെ പാപങ്ങൾ മോചിക്കപ്പെട്ടിരിക്കുന്നുവോ? എന്നു ചോദിച്ചു. ഈ ചോദ്യത്തിങ്കൽ അവൾ അവളുടെ തലയെ കുനിച്ചുകളഞ്ഞെങ്കിലും, തന്റെ പാപങ്ങൾ മോചിക്കപ്പെട്ടിട്ടില്ലാ എന്നും അതിനെ സംബന്ധിച്ച കാൎയ്യങ്ങൾ അറിയുന്നതിനായി തനിക്കുള്ള സൎവ്വവും കൊടുപ്പാൻ സമ്മതമാണെന്നും അയാളെ ഗ്രഹിപ്പിച്ചു. അദ്ദേഹം ദൈവത്തെ മഹത്വപ്പെടുത്തിയുംകൊണ്ടു 'നീ കൊടുത്തിട്ടു ആവശ്യമില്ല. യേശുക്രിസ്തു കൊടുത്തുകഴിഞ്ഞിരിക്കുന്നു.' എന്നുപറഞ്ഞു അവൻ വേദപുസ്തകം തുറന്നു സകല രക്ഷാമാൎഗ്ഗങ്ങളേയും അവൾക്കു കാണിച്ചുകൊടുത്തു. അവളുടെ യാത്ര അവസാനിക്കുന്നതിനു മുൻപായി അവൾ അവളുടെ രക്ഷകനെകണ്ടു. അന്നുമുതൽ അവൾ ക്രിസ്തുവിനെ ആരാധിക്കു

...ീകം അറിയുന്നതിനു അതിയാണെയുള്ളവയല്ലായിരുന്നതിനാൽ. അടുത്ത ...ായറാഴ്ച അവൾ അദ്ദേഹത്തെ പോയി കാണുകയും തീവണ്ടിയിൽ ...ച്ച് യേശുക്രിസ്തു മൂലമുള്ള രക്ഷാമാർഗ്ഗത്തെ കാണിച്ചുകൊടുത്ത ...ിനായി നന്ദിപറകയും (ചെയ്തതിനുപുറമെ) താൻ ഒരു വേലക്കാ ...ാതിരുന്നു എന്നും ദൈവം അവൾക്കു ചെയ്ത വലിയ ഉപ ...ാരം നിമിത്തം ഉണ്ടായ സന്തോഷം അവളുടെ ഹൃദയത്തിൽ നി ...ഞ്ഞുകവിഞ്ഞതിനാൽ അവളുടെ യജമാനസ്ത്രീയേയും മാനസാന്തര ...പ്പെടുത്തുന്നതിനു ഇടയായി എന്നും അറിയിക്കയും ചെയ്തു.

പരിശുദ്ധാത്മാവിൻെറ ശബ്ദം സാരമില്ലാത്തവ എന്നു തോ ...ന്നിയാലും അതിനെ നിഷേധിക്കുന്നതിൽ നാം വളരെ ഭയപ്പെടേ ...ണ്ടിയിരിക്കുന്നു.

മ. സ. താ.

## പത്തു പീഡകൾ

ആദിമക്രിസ്ത്യാനികൾ പലതരം പീഡകൾ അനുഭവിച്ചി ...ങ്കിലും വലിയ കുസ്തന്തീനോസിൻെറ കാലംവരെയുള്ള പീ ...ഡകളെ പത്തായിട്ടാണു സഭാചരിത്രകാരന്മാർ ഗണിക്കുന്നതു്. അ ...വയെ ഓരോന്നായി താഴെ വിവരിക്കാം.

ഒന്നാംപീഡ: ക്രിസ്തുവർഷം 64-ൽ 2 തിമോഥി 4: 17-ൽ ...സിംഹം എന്നു വിളിച്ചിട്ടുള്ള നീറോ ചക്രവർത്തിയുടെ ആജ്ഞയി ...ൻകീഴിൽ നടത്തിയിട്ടുള്ളതാകുന്നു ഇതു്. രാജാവു തന്നെ റോമാനഗര ...ത്തിനു തീവെച്ചിട്ടു് ക്രിസ്ത്യാനികളാണു് അങ്ങിനെ ചെയ്തതെന്നു പ ...ളികളിൽ പറഞ്ഞുണ്ടാക്കിയപ്പോൾ, അതിൻെറ കാരണക്കാർ ഞങ്ങ ...ളല്ല എന്നു ക്രിസ്ത്യാനികൾ പ്രതിഷേധിച്ചതിനാൽ രാജാവു കോപി ...നായി അവരെ പീഡിപ്പിച്ചു. വിളംബരത്തിൽ വിസ്താരം കൂ ...ടാതെ പീഡിപ്പിക്കാം എന്നു പ്രത്യേകം പറഞ്ഞിരുന്നു. അനേകരെ ...കുരിശിൽ തറെക്കയും, കീൽതേച്ച വസ്ത്രം ധരിപ്പിച്ചു് തീ കൊളു ...ത്തി ദീപയഷ്ടികൾപോലെ എരിക്കയും, അനേകരെ കാട്ടുമൃഗങ്ങളു ...ടെ തോൽ ഉടുപ്പിച്ചു് ചെന്നായ്ക്കളെക്കൊണ്ടു കടിച്ചുകീറിക്കയും ചെ ...യ്തു. ഈ പീഡയിലത്രേ പത്രോസും പൌലോസും കൊല്ലപ്പെട്ടതു്.

രണ്ടാംപീഡ: ഇതു ക്രിസ്തുവർഷം 95-ൽ ഡോമിഷ്യൻകൈ ...സരുടെ കീഴിൽ നടന്നു. ക്രിസ്തുമാർഗ്ഗവിശ്വാസം രാജദ്രോഹമായി ...ഈ കാലത്തിലും എണ്ണപ്പെട്ടിരുന്നു. യോഹന്നാൻ നാടുകടത്തപ്പെട്ടതും ...ന്തിപ്പാസ് സാക്ഷിമരണം അനുഭവിച്ചതും ഈ കാലത്തു തന്നെ. ...ക്ലീമോസ് സഭയ്ക്കുള്ള ലേഖനം ഇക്കാലത്തിൽ എഴുതപ്പെട്ടതാ ...യി വിചാരിക്കാം, വെളി. 2:13.

മൂന്നും നാലും പീഡകൾ; ഇവ ക്രിസ്തുവർഷം 107-ലും 125-ൽ
ട്രാജൻ, ഹഡ്രിയാൻ എന്നീ രാജാക്കന്മാരുടെ കാലത്തുണ്ടായി.
നാൽ ഈ പീഡകൾ സാർവ്വത്രികമല്ലായിരുന്നു. ഇവയിൽ റോമ
ലെ ക്ലെമൻറു, അന്ത്യോഖ്യയിലെ ബിഷപ്പായ ഇഗ്നേഷ്യസ്സും
റവും മരിച്ചു. 155-ൽ സ്മർന്നായിലെ അദ്ധ്യക്ഷനായ പോലിക്കാ
സും സാക്ഷിമരണം അനുഭവിച്ചു.

അഞ്ചാം പീഡ: ക്രിസ്തുവർഷം 165-ൽ മാർക്കസ്സ് ഔറീലിയന
രാജാവായിരിക്കുമ്പോൾ ചില പ്രബലന്മാർ ഈ പീഡയാരംഭിച്ചു
രാജാവിൻെറ പ്രതിമയെ ദൈവമായി ഗണിച്ച് അപ്പിക്കണമെ
ന്നു നിർബന്ധിക്കവെ കഴികയില്ല എന്നു പ്രതിവചിച്ച ക്രിസ്തു
നികൾ പീഡനത്തിനിരയായിത്തീർന്നു. രക്തസാക്ഷികളായ
സ്റ്റീനും, ഫെലിസിറ്റാസ് എന്ന സ്ത്രീരത്നവും വധിക്കപ്പെട്ടതു
കാലത്തായിരുന്നു.

ആറാം പീഡ: ക്രിസ്തുവർഷം 202—ൽ സെപ്റ്റിമിയൂസ
സെവറസ് ഈ പീഡ നടത്തി. എങ്കിലും ഇതിനു മുൻപ് ഏക
ശം ക്രൈസ്തവം 150 മുതൽ റോമാരാജ്യത്തെങ്ങും സാധുസംരക്ഷണ
ർത്ഥം സ്ഥാപിച്ചിട്ടുള്ള സംഘങ്ങൾക്ക് അനുമതി കൊടുത്ത അധിക
രികൾ ക്രിസ്തുമതത്തേയും വിരോധിപ്പാൻ തുനിഞ്ഞിരുന്നില്ല.

ഏഴാം പീഡ: ക്രിസ്തുവർഷം 235—ൽ മാക്സിമിനസ്സ് ച
ക്രവർത്തിയുടെ കീഴിൽ ഈ പീഡയുണ്ടായി. ഓറിജൻ എന്ന സഭ
പിതാവ് പീഡിതന്മാരെ ആശ്വസിപ്പിച്ചുകൊണ്ടിരുന്നു. അക്കാ
ലത്തു് ക്രിസ്തീയസഭകൾ തനിത്തനിയായി നിന്നതിനാൽ എല്ലാ
സ്ഥലങ്ങളിലും ഒരുപോലെ പീഡ പരക്കുന്നതിനു സംഗതിവന്നില്ല.
രണ്ടാം നൂറ്റാണ്ടിൽ സഭകൾ എല്ലാം പൊതുബിഷോപ്പന്മാരുടെ ക
ഴിൽ ആയതിനാൽ ഈ മഹാജനതതിയെപ്പറ്റി രാജാക്കന്മാർക്ക
വും സംശയവും ഉണ്ടാകയും തൽഫലമായി പീഡനത്തിനുള്ള ക
ന്ന പുറപ്പെടുകയും ചെയ്തു.

എട്ടാം പീഡ: ഇതു ക്രിസ്തുവർഷം 249-ൽ ഡഷ്യസ് എന്ന
രാജാവിൻെറ കാലത്തു സംഭവിച്ചു. ഇതു ഭയങ്കര പീഡയായി
ന്നു അനേകർ കർത്തൃനാമത്തെ നിഷേധിച്ചു. മററു ചിലർ പീഡ
യന്നു വനാന്തരങ്ങളിൽ പോയി പാർത്തു. ആശ്രമങ്ങൾ ഇക്കാല
താണ് ഉണ്ടായതു്. ഇക്കാലത്തെ പീഡ പത്തുവർഷത്തോളം നീ
ട്ടു നിന്നു.

ഒൻപതാം പീഡ: ഇതു് ക്രിസ്തുവർഷം 297-ൽ വലേറിയൻെറ
ഭരണകാലത്തുണ്ടായി. കാർത്തേജുസഭയുടെ മെത്രാനായ കുപ്രിയാ
നൂസ് ഈ പീഡയിൽ ശിരഃഛേദം ചെയ്യപ്പെട്ടു. റോമാക്കാര
യ ലോറൻഷ്യസ്സിനെ പഴുപ്പിച്ച ഇരുമ്പുകസാലമേൽ കിടത്തി
പ്പാരിച്ചുകൊന്നു. നൂറുപേരെ കുമ്മായച്ചൂളയിൽ തടനീറ്റി.

ക്രിസ്തുവർഷം 260-ൽ ഗലിയാനസ് രാജാവ് ക്രിസ്തുസഭയെ ഒന്നാമതൽ അംഗീകൃതസംഘമാക്കിയിരിക്കുന്നു എന്നു വിളംബരം ചെയ്തശേഷം നാല്പതുവർഷം സമാധാനമുണ്ടായി.

പത്താംപീഡ. ക്രിസ്തുവർഷം 303-ൽ ഡയോക്ലീഷ്യൻ ചക്രവർത്തി എല്ലാരാജ്യത്തും ഈ പീഡ നടപ്പാക്കി. ഇതു പത്തുവർഷം നിലനിന്നു. കണക്കില്ലാത്ത രക്തസാക്ഷികൾ മരിച്ചു. പ്രാർത്ഥനാലയങ്ങളെ നിർമ്മൂലമാക്കി. വേദപുസ്തകപ്രതികൾ ദഹിപ്പിച്ചു. ഈ പീഡയ്ക്കിടയിലത്രെ അലക്സന്ത്രിയാക്കാരി കർത്തറീന എന്ന കന്യാസ്ത്രീ അവർണ്ണനീയമായ പീഡകൾ ഏററ് തലവെട്ടപ്പെട്ടത്. ഏവംവിധം അസംഖ്യം ക്രിസ്ത്യാനികൾ ഈ പത്തു പീഡകളിലായി ഹിംസിക്കപ്പെട്ടു എങ്കിലും സാക്ഷികളുടെ രക്തം സഭയുടെ അനന്തരാഭിവൃദ്ധിക്കു ഒരു ഉപാദാനകാരണമായിരുന്നു എന്ന് നിസ്സംശയം പറയാം. വിഷയമോഹങ്ങളും ദുരഭിമാനവും സഭയിൽ കടന്ന് വിശ്വാസികൾക്കു മാന്ദ്യം വരുത്തുമ്പോൾ പീഡകൊണ്ട് അസാധാരണമായ ഉണർച്ചയും ഔചിത്യവും ഉണ്ടാകുന്നു എന്നുള്ളത് അനുഭവസിദ്ധമാണ്. ഇക്കാലത്തും സത്യമതത്തിനുവേണ്ടി പീഡ സഹിക്കുവാൻ നമുക്കു ദൈവം സഹായിക്കട്ടെ!

## അവസരോക്തി.

സുഖസ്യാനന്തരം ദുഃഖം
ദുഃഖസ്യാനന്തരം സുഖം
സുഖദുഃഖം മനുഷ്യാണാം
ചക്രവൽ പരിവർത്തയേൽ.

താല്പര്യം. സുഖത്തിന്റെ പിന്നാലെ ദുഃഖം; ദുഃഖത്തിന്റെ പിന്നാലെ സുഖം, എന്നിങ്ങനെ മനുഷ്യർക്കു സുഖദുഃഖങ്ങൾ ചക്രംപോലെ മാറിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു.

## ഇടയാറന്മുള കൺവെൻഷൻ

മലങ്കരവിയോജിതസഭയുടെ 13-ാമതു കൺവെൻഷൻ ഈയാണ്ടു മകരമാസം 12-ാം തീയതി ബുധനാഴ്ച ആരംഭിക്കുന്നതാണ്. പ്രാസംഗികന്മാരായി "ബാപ്റ്റിസ്റ്റ് മിഷ്യനറി റിവ്യൂ" എന്ന പ്രസിദ്ധ മാസികയുടെ പ്രധാന പത്രാധിപരായ മിസ്റ്റർ ഡബ്ളിയു. ജെ. ലോംഗ്ലി, മിസ്റ്റർ ആൻഡ് മിസ്സിസ് ബോൺഡ്, മിസ്റ്റർ …ംബർ എന്നിവർ വരുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു.

കാര്യദർശി സി. ഐ. കണ്ണൊലിക്ക.

Registered No. T. 138    L. No. 58. Dated. 8-7-2

# മലങ്കരവിയോജിതൻ

ആരുടെയും മുഖം നോക്കാതെ എല്ലായ്പോഴും സത്യം തുറന്നുപറ
ന്ന കേരളത്തിലെ ഏക പ്രോട്ടസ്റ്റൻറു മാസിക. വാർഷികവരിസ
ഖ്യ മുൻ: രൂ: 1. മാത്രം. തപാലിൽ അയക്കുന്നതിന് രൂ 1. ണ.

അപേക്ഷിക്കേണ്ടും മേൽവിലാസം
മാനേജർ, വിയോജിതൻ ആഫീസ്
ഇടയാറന്മുള—ചെങ്ങന്നൂർ.
(കോഴഞ്ചേരി P. O.)

## പുതിയപുസ്തകങ്ങൾ

1. "സത്യപ്രകാശിനി" ഒരു ഹിന്ദുമതപ്രസംഗനിരൂപ ഗ്രന്ഥം. വില. അണ 4 മാത്രം.
2. "ശിശുസ്നാനകാരം" "ശിശുസ്നാനം" എന്ന കൃതിയു ഖണ്ഡനം. വില. അണ 5 മാത്രം.

ഗ്രന്ഥകർത്താ: ശ്രീമാൻ. കെ. വി. സൈമൺ അവർകൾ
ആവശ്യക്കാർ വിയോജിതൻ ആഫീസിലേക്ക് എഴുതുവിൻ

Printed at the National Printing House, Tiruval
and Published at Edayaranmula by C. I. Kunjikka.

വിധ മാസികയുടെ പ്രധാന പത്രാധിപരായ മിസ്റ്റർ ഡബ്ല്യൂ.
ജ. ബ്രോംഗ്ലി, മിസ്റ്റർ ആൻഡ് മിസ്സസ്സ് ബോൻഡ്, മിസ്റ്റർ
ംബർ എന്നിവർ വരുമെന്നു പ്രതീക്ഷിക്കപ്പെട്ടിരിക്കുന്നു.

കാര്യദർശി സി. ഐ. കുഞ്ഞിക്ക.